തൊഴിലില്ലായ്മയ്ക്ക് പ്ലാനിംഗ് ബോർഡിന്റെ പദ്ധതി

* 10. [22] ശ്രീ. പി. പി. ജോർജ്ജ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലാത്തവർക്ക് ധനസഹായം നൽകാനുള്ള പദ്ധതി സംസ്ഥാന പ്ലാനിംഗ് ബോർഡ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഇതു സംബന്ധമായി എന്തു നടപടികളെടുക്കാനുദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) തൊഴിലില്ലാത്തവർക്ക് ധനസഹായം നൽകാനുള്ള ഒരു പദ്ധതിയുടെ കരടുരൂപം സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ എക്കണോമിക് സർവിഷൻ തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഇതു സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ പരിഗണനയിലാണ്.

വക്കീലൻമാരുടെ നിയമനം

* 11 [23] ശ്രീ. ജി. ഗോപിനാഥൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1969 ഒക്ടോബർ 3-ാം തീയതിക്കുശേഷം ഒക്ടോബർ 22-ാം തീയതിക്കകം എത്ര സർക്കാർ വക്കീലൻമാരെ നിയമിച്ചു;

(ബി) ആർക്കെങ്കിലും കാലാവധി നീട്ടിക്കൊടുത്തതായി അറിയാമോ;

(സി) നീട്ടിക്കൊടുക്കുവാൻ പ്രത്യേക കാരണങ്ങളുണ്ടോ;

(ഡി) പബ്ലിക് പ്രോസിക്യൂട്ടർമാരെയും, ഗവൺമെന്റു പ്ലീഡറൻമാരെയും പ്രത്യേകമായി നിയമിക്കുന്നത് കോടതികളിലെ ജോലി ലഘൂകരിക്കുന്നതിനുപകരിക്കുമെന്ന് അറിയാമോ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) ഒന്ന്.

(ബി) കാലാവധി നീട്ടിക്കൊടുത്തിട്ടില്ല. 17-11-1969-ൽ നിയമന കാലാവധി അവസാനിച്ച ഒരാളെ വീണ്ടും നിയമിച്ചിട്ടുണ്ട്.

(സി) ഉദിക്കുന്നില്ല.

(ഡി) പബ്ലിക് പ്രോസിക്യൂട്ടർമാരെയും, ഗവൺമെന്റു പ്ലീഡറൻമാരെയും പ്രത്യേകമായി നിയമിക്കുകയാണെങ്കിൽ പബ്ലിക് പ്രോസിക്യൂട്ടർമാർക്ക് ക്രിമിനൽകേസുകളും ഗവൺമെന്റുപ്ലീഡറൻമാർക്ക് സിവിൽക്കേസുകളും മാത്രമേ നടത്തുവാൻ സാധിക്കുകയുള്ളു. പല കോടതികളിലും സിവിലും ക്രിമിനലും കേസുകളുടെ എണ്ണത്തിൽ വലിയ അന്തരം കണ്ടെന്നുവരും. തൻമൂലും പബ്ലിക് പ്രോസിക്യൂട്ടർമാർക്കും, ഗവൺമെന്റു പ്ലീഡറൻമാർക്കും കിട്ടാവുന്ന കേസുകളുടെ എണ്ണത്തിലും അതിൽനിന്ന് അവർക്ക് ലഭിക്കാവുന്ന വേതനത്തിലും വലിയ അന്തരം ഉണ്ടായെന്നുവരും. കൂടാതെ, ഒരാളിന് സമർത്ഥമായി നടത്തത്തക്കതിൽ കൂടുതൽ ഗവൺമെന്റ് കേസുകളും കിട്ടാനും ഇടവന്നേക്കും. അതുകൊണ്ട്, പബ്ലിക് പ്രോസിക്യൂട്ടർമാരേയും, ഗവൺമെന്റ് പ്ലീഡറൻമാരെയും പ്രത്യേകമായി നിയമിക്കുന്നത് നല്ലതാണെന്ന് തോന്നുന്നില്ല.

മന്ത്രിമാരുടെ ഡി. എ. യും, ടി. എ. യും

* 12 [26] ശ്രീ. ജോസഫ് ചാഴിക്കാടൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഇന്നത്തെ മന്ത്രിസഭാംഗങ്ങളിൽ ഓരോരുത്തർക്കും 1969 നവംബർ 1 മുതൽ 1970 ജനുവരി 1 വരെ രണ്ടുമാസത്തേക്ക് എന്തു തുക ഡി. എ., ടി. എ. യാത്രപ്പടിയായി കൊടുത്തിട്ടുണ്ട്; അല്ലെങ്കിൽ കൊടുക്കേണ്ടതായുണ്ട്.

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

		കൊടുത്തത് ആകെ	റഗി. എ., ഡി. എ.
മുഖ്യമന്ത്രി	Rs.	829.65	(577.15+252.50)
ധനകാര്യമന്ത്രി	,,	1071.00	(856+215)
വ്യവസായമന്ത്രി	,,	1276.20	(1036.20+240)
ജലസേചനമന്ത്രി	,,	942.20	(762.20+180)
വിദ്യാഭ്യാസമന്ത്രി	,,	1876.35	(1651.35+225)
തദ്ദേശസ്വയംഭരണമന്ത്രി	,,	1528.60	(1258.60+270)
വനംവ്യവസായമന്ത്രി	,,	3040.89	(2555.39+485)
ട്രാൻസ്പോർട്ട് മന്ത്രി	,,	1152.95	(957.95+195)
		കൊടുക്കേണ്ടത്	
ധനകാര്യമന്ത്രി		1570.25	(1360.25+210)
ജലസേചനമന്ത്രി	,,	1598.76	(1373.76+225)
ട്രാൻസ്പോർട്ട്മന്ത്രി	,,	1304.20	(1079.20+225)

UNSTARRED QUESTIONS AND ANSWERS

സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിലെ അംഗങ്ങൾ

1 [1] ശ്രീ. പി. എൻ. ചന്ദ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിലെ അംഗങ്ങളുടെ കാലാവധി കഴിയുന്നതിനു മുൻപായിത്തന്നെ അവരെ പിരിച്ചുവിടുന്നതിന് ഗവൺമെൻറിനെ പ്രേരിപ്പിച്ച കാരണം എന്താണ്?

ഉത്തരം.

സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് അതേ രൂപത്തിൽ തുടരേണ്ടതിനെപ്പറ്റിയും ഇനിമേൽ ബോർഡ് ചെയ്തുതീർക്കേണ്ട ജോലികളുടെ സ്വഭാവത്തെയും വ്യാപ്തിയെയുംപറ്റിയും പരിഗണിച്ചതിൽ ബോർഡ് പുനഃസംഘടിപ്പിക്കേണ്ടതാണെന്ന തീരുമാനത്തിൽ ഗവൺമെൻറ് എത്തിച്ചേർന്നു. അതുകൊണ്ട് കോൺട്രാക്ട് അടിസ്ഥാനത്തിൽ ബോർഡിൽ നിയമിച്ചിരുന്ന അംഗങ്ങളെ പിരിച്ചുവിടുകയുണ്ടായി.

ഡിസ്ട്രിക്റ്റ് ഡെവലപ്പ്മെൻറ് കമ്മിറ്റി

2 [2] ശ്രീ. ജോസഫ് ചാഴിക്കാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1969 ജനുവരി മുതൽ 1970 ജനുവരി വരെ തിരുവനന്തപുരം ഡിസ്ട്രിക്ട് ഡെവലപ്പ്മെൻറ് കമ്മിറ്റിയുടെ എത്രയോഗങ്ങൾ നടത്തിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly